ഖുത്ബ നമ്പർ
09
28-02-2014

بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: ടി. അമീറുദ്ധീൻ സാജിദ് മൂവാറ്റുപുഴ



Baitul Futuh, London

# 1924 ലെ സർവ മത സമ്മേളനം

കഴിഞ്ഞ ജുമുഅയിൽ ഹ: മുസ്ലിഹ് മൗഊദ് رضي الله عنه ന്റെ പ്രവചനത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിച്ചത്. അദ്ദേഹത്തിന്റെ ആത്മീയവും ഭൗതികവുമായ ജ്ഞാനങ്ങളാൽ നിറക്കപ്പെടും എന്ന ഗുണത്തെ മുൻ നിർത്തിക്കൊണ്ടാണ് കാര്യങ്ങൾ അവതരിപ്പിച്ചത്. അത്പോലെ അദ്ദേഹത്തിന്റെ അറിവും, ജ്ഞാനവും, വിശുദ്ധ ഖുർആൻ തഫ്സീറും അന്യരിൽ ചെലുത്തിയ സ്വാധീനവും, അത് അവർ തുറന്ന രീതിയിൽ വെളിപ്പെടുത്തിയതും ഞാൻ പറഞ്ഞു.

ഈ വെളിപ്പെടുത്തലുകളും, പ്രവർത്തനങ്ങളും മാസങ്ങളോളം, അല്ലെങ്കിൽ വർഷങ്ങളോളം വിവരിക്കത്തക്കവണ്ണം വ്യാപ്തിയുള്ളതാണ്. കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറയാൻ ആഗ്രഹിച്ച ഒരു കാര്യം സമയ കുറവുകാരണം എനിക്ക് പറയാൻ സാധിച്ചില്ല. ഇന്ന് അതിനെ കുറിച്ച് ഞാൻ പ്രതിപാദിക്കുന്നതാണ്. ഈ കാര്യം ഇന്നേക്ക് 90 വർഷം മുമ്പ് നടന്നതാണ്. ഈ ലണ്ടൻ നഗരവുമായിട്ടാണ് അതിന് ബന്ധമുള്ളത്. നിങ്ങളിൽ ഭൂരിപക്ഷം പേർക്കും ഒരു പക്ഷേ അറിയാവുന്നത് പോലെ സപ്തംബർ 1924 ൽ ഒരു സർവമത സമ്മേളനം നടന്നിരുന്നു അതിൽ ഹ: ഖലീഫത്തുൽ മസീഹ് സാനി സ്വയം പങ്കെടുത്തിരുന്നു. ഇന്ന് നമ്മേ കുറിച്ച് ആളുകൾക്ക് അറിയാം ബന്ധങ്ങളും ഉണ്ട്, ലോകത്തിന്റെ വിവിധ കോണുകളിൽ അഹ്മദികൾക്കെതിരിൽ നടന്നു വരുന്ന അതിക്രമങ്ങൾ കാരണത്താൽ പല മനുഷ്യാവകാശ സംഘടനകളുടെ നിരീക്ഷണവും നമ്മിലുണ്ട്. അത്പോലെ നമ്മുടെ ഈ ബന്ധങ്ങൾ കാരണം, പാർലമെന്റിലെ അംഗങ്ങളും, വിദ്യാസമ്പന്നരായ സമൂഹവും, ഇവിടെയും ലോകത്ത് മറ്റ് സ്ഥലങ്ങളിലും നമുക്ക് പരിചിതരാണ്. എന്നാൽ ആ കാലഘട്ടത്തിൽ ഇതൊന്നും തന്നെ ഉണ്ടായിരുന്നില്ല. എങ്കിൽ തന്നേയും അല്ലാഹു തആലാ സവിശേഷമായ സാഹചര്യങ്ങൾ ഒരുക്കി കോൺഫറൻസ് സംഘാടകർ സ്വയം കൂടിയാലോചനക്ക് ശേഷം അദ്ദേഹത്തിനോട് ലണ്ടനിൽ വന്നുകൊണ്ട് ഈ കോൺഫറസിൽ ഇസ്ലാം മതത്തെകുറിച്ച് സംസാരിക്കുവാൻ അപേക്ഷിച്ചു. ഇത് അല്ലാഹുവിന്റെ സവിശേഷമായ സഹായത്താൽ മാത്രം സാധ്യമായതാണ്.

നമ്മൾ സാഹചര്യങ്ങളെ കുറിച്ച് നോക്കുമ്പോൾ, ജമാഅത്തിന്റെ സാമ്പത്തികമായ അവസ്ഥയും, ആ സമയത്ത് അദ്ദേഹം തന്നോടൊപ്പം 11 പേരടങ്ങുന്ന സംഘവുമായിട്ടാണ് വന്നത് എന്നതും ഒരു നിസ്സാര കാര്യമായിരുന്നില്ല. ഹ: മുസ്ലിഹ് മൗമൗദ് رضي الله عنه സ്വയം തന്റെ ചെലവുകൾ വഹിച്ചു അത് പോലെ മറ്റുള്ളവർക്ക് വേണ്ടിപണം കടമായി വാങ്ങേണ്ടിയും വന്നു. എന്തായാലും ആദ്യം പോകേണ്ട എന്നാണ് തീരുമാനിച്ചത്. പിന്നീട് ദുഃആയും ഇസ്തിഖാറയും, ജമാഅത്തിന്റെ കൂടിയാലോചനയ്ക്കും ശേഷമാണ് ഈ യാത്ര നടത്തിയത്. അങ്ങനെ അല്ലാഹുവിന്റെ സവിശേഷമായ സഹായ സഹകരണം ഇതിൽ എല്ലായിടത്തും നമ്മൾ കണ്ടു. ഇത് ഖലീഫത്തുൽ മസീഹിന്റെ ആദ്യത്തെ യൂറോപ്യൻ പര്യടനമായിരുന്നു. അതിനോടൊപ്പം സിറിയ, മിസർ, ഫലസ്തീൻ തുടങ്ങിയ അറബ് രാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചു. ഹ: ഖലീഫത്തുൽ മസീഹ് സാനി رضي الله عنه അല്ലാതെ മറ്റൊരു ഖലീഫയും ഈ അറേബ്യൻ രാജ്യങ്ങൾ സന്ദർശിച്ചിട്ടില്ല. അതിന് ശേഷം സാഹചര്യങ്ങൾ മോശമാവുകയും നിയമങ്ങൾ കർകശമാവുകയും ചെയ്തു.

ഇപ്പോൾ ഞാൻ ഈ കോൺഫറൻസിന്റെ പശ്ചാത്തലത്തെ സംഭവിച്ചും, ഹ: ഖലീഫത്തുൽ മസീഹ് സാനി رضي الله عنه നെ കുറിച്ച് ഇഗ്ലീഷുകാരുടെ അഭിപ്രായ പ്രകടനങ്ങളും ചുരുങ്ങിയ രീതിയിൽ വിവരിക്കുന്നതാണ്. അഭിപ്രായ പ്രകടനങ്ങളിൽ അദ്ദേഹത്തിന്റെ വൈജ്ഞാനികതയും, ദൈവിക സഹായങ്ങളും ദൃശ്യമാക്കുന്നതോടൊപ്പം, നമ്മുടെ യുവ തലമുറ അറിഞ്ഞിരിക്കേണ്ട ചരിത്രപരമായ ചില വസ്തുതകളും അടങ്ങിയിരിക്കുന്നു.

അന്ന് കപ്പൽ മാർഗമാണ് യാത്ര ചെയ്തിരിക്കുന്നത്. അതിന് ഒരുപാട് ദിവസങ്ങൾ എടുക്കുമായിരുന്നു. ഒരു ദിവസം മുസ്ലിഹ് മൗഊദ് رضي الله عنه തന്റെ സുഹൃത്തുക്കൾക്കൊപ്പം ഫസ്റ്റ് ക്ലാസിനും സെക്കന്റ് ക്ലാസിനും മധ്യയുള്ള ഡക്കിൽ ജമാഅത്തായി നമസ്കാരം അനുഷ്ഠിക്കുകയായിരുന്നു. നമസ്കാര ശേഷം അവിടെ ഇരിക്കുമ്പോൾ ഈ കപ്പലിലെ ഇറ്റലിക്കാരനായ ഡോക്ടർ യാദൃശ്ചികമായി അത് വഴി വരാനിടയായി. ഹ: മുസ്ലിഹ് മൗഊദ് رضي الله عنه നേയും സുഹൃത്തുക്കളേയും കണ്ട അദ്ദേഹം അനിയന്ത്രിതമായി പറഞ്ഞു. 'Jesus Christ and his twelve disciples' അതായത് യേശു ക്രിസ്തുവും അദ്ദേഹത്തിന്റെ പന്ത്രണ്ട് ശിഷ്യന്മാരും. ഇത് നിവേദനം ചെയ്ത ഡോക്ടർ ഹശ്മത്തുള്ളാ സാഹിബ് പറയുന്നു: "ഞാൻ ഇത് കേട്ടു ആശ്ചര്യപ്പെട്ടു. കാരണം ഈ ഡോക്ടർ ഇറ്റാലിയൻ ആണ്, ഒരർഥത്തിൽ പോപ്പിന്റെ നാട്ടുകാരൻ, അയാൾ എത്ര ശരിയായതും വൈജ്ഞാനികവുമായ കാര്യമാണ് പറഞ്ഞത്. ഹുസൂറിന്റെ കൂടെ പതിനൊന്ന് സുഹൃത്തുക്കളെ കൂടാതെ പന്ത്രണ്ടാമനായിക്കൊണ്ട് ചൗധരി മുഹമ്മദ് ശരീഫ് സാഹിബ് വക്കീലും ഉണ്ടായിരുന്നു. അദ്ദേഹം സ്വന്തമായി ഈ യാത്രയിൽ പങ്കെടുത്തതായിരുന്നു.

ഇത് 'Wembley Conference' എന്നാണ് അറിയപ്പെടുന്നത്.

ഇതിന്റെ സംക്ഷിപ്തമായ ചരിത്ര പശ്ചാത്തലവും, അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും അവതരിപ്പിക്കുന്നതാണ്. 1942 ന്റെ ആരംഭകാലത്ത് ഇംഗ്ലണ്ടിലെ പ്രസിദ്ധമായ 'Wembley' പ്രദർശനത്തിനോടനുബന്ധിച്ച്, ഒരു സർവമത സമ്മേളനം സംഘടിപ്പിക്കണമെന്ന നിർദ്ദേശം, സോഷ്യലിസ്റ്റ് നേതാവായിരുന്ന William Loftus Hare മുന്നോട്ട് വച്ചു. ഇതിൽ ബ്രിട്ടീഷ് ഭരണത്തിൽ കീഴിലുള്ള (അക്കാലത്ത് ബ്രിട്ടീഷ് ഭരണകൂടത്തിന്റെ കോളനികൾ ഒരുപാട് സ്ഥലത്ത് വ്യാപിച്ചിട്ടുണ്ടായിരുന്നു) വ്യത്യസ്തമായ മത നേതാക്കന്മാരെ ക്ഷണിക്കണെമെന്നും അവർ ഈ കോൺഫറൻസിൽ പങ്കെടുത്ത്, അവരവരുടെ മത സംഹിതകളെ കുറിച്ച് വെളിച്ചം വീശണമെന്നും പറഞ്ഞു. പ്രദർശനത്തിന്റെ സംഘാടകരിൽ പല മത ചരിത്രകാരന്മാരും ഉണ്ടായിരുന്ന കാരണത്താൽ ഈ നിർദ്ദേശം സ്വീകരിക്കപ്പെടുകയും ലണ്ടൻ യൂനിവേഴ്സിറ്റിയിലെ മതപരമായ വിഷയങ്ങൾ പഠിപ്പിക്കുന്ന സ്കൂൾ ഓഫ് ഓറിയന്റൽ സറ്റഡീസിന്റെ മേൽ നോട്ടത്തിൽ ഈ കോൺഫറൻസിലെ വിശാലമായ നടത്തിപ്പിന് ഒരു കമ്മറ്റി രൂപീകരിച്ചു. Imperial Institute കോൺഫറൻസ് നടത്താനായി നിശ്ചയിക്കപ്പെട്ടു. അങ്ങനെ ഇതിനായി 1924 സപ്തംബർ 22 മുതൽ ഒക്ടോബർ 3, വരെ തീരുമാനിച്ചു. കമ്മറ്റി അംഗങ്ങൾ ഹിന്ദുമതം, ഇസ്ലാം, ബുദ്ധമതം, പാർസിമതം, ജൈനമതം സിക്ക്മതം, സൂഫിമതം, ബ്രഹ്മസമാജം, ആര്യസമാജം, കൺഫ്യൂഷസ് മതം എന്നീ മതങ്ങളുടെ പ്രതിനിധികളെ പ്രഭാഷണത്തിനായി ക്ഷണിക്കുകയും ചെയ്തു.

ആ കാലഘട്ടത്തിൽ ഹദ്റത് മൗലവി അബ്ദുർ റഹ്മാൻ സാഹിബ് നയ്യർ رضي الله عنه 1923 ആരംഭത്തിൽ തന്നെ ലണ്ടനിൽ എത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിന് ഈ കോൺഫറൻസിനെ സംബന്ധിച്ച് വിവരം ലഭിച്ചില്ലായിരുന്നു. കമ്മറ്റി രൂപീകരണവും, പ്രഭാഷകരെ നിശ്ചയിക്കലും തുടങ്ങി എല്ലാ ജോലികളും അപ്പോൾ പൂർത്തിയായിരുന്നു. 1924ാമാണ്ടിന്റെ കുറച്ച് ഭാഗം കടന്നു പോയിരുന്നു. അങ്ങനെയിരിക്കെ ഒരിക്കൽ ഒരാൾ സംസാരിക്കുന്നതിനിടെ ഹ: മൗലാന അബ്ദുർറഹ്മാൻ സാഹിബ് നയ്യറിനോട് ഇതിനേകുറിച്ച് പറഞ്ഞു. അദ്ദേഹം ഉടനെ ഈ കമ്മറ്റിയുടെ ജോയിൻ സെക്രട്ടറി എം.എം. ഷാർപ്ലസിനെ പോയിക്കണ്ടു. അദ്ദേഹം മൗലവി സാഹിബിന്റെ സംസാരം കേട്ടപ്പോൾ ഇസ്ലാമിനെ കുറിച്ചുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ കാഴ്ചപ്പാട് തീർച്ചയായും അവതരിപ്പിക്കേണ്ടതാണ് എന്ന് മനസ്സിലാക്കി, അങ്ങനെ കമ്മറ്റിയിൽ ഇതിനെ കുറിച്ച് ചർച്ച ചെയ്യപ്പെട്ടു. കമ്മറ്റിയുടെ വൈസ് പ്രസിഡന്റായ ഡോക്ടർ തോമസ് W അർനോൾഡ് പ്രാസംഗികരെ കുറിച്ച് നയ്യർ സാഹിബിന്റെ അഭിപ്രായവും ആരായേണ്ടതാണ് എന്ന് നിർദ്ദേശിച്ചു. കാരണം മൗലവി സാഹിബിന്റെ വ്യക്തിത്വത്തിലും അറിവിലും അദ്ദേഹം സ്വാധീനിക്കപ്പെട്ടിരുന്നു. ഇക്കാലത്ത് പലപ്പോഴും നമ്മൾ ധൈര്യം കൈവെടിയാറുണ്ട്. സമയം കഴിഞ്ഞു പോയി ഇനി ഒന്നും ചെയ്യാൻ സാധിക്കില്ല എന്ന് വിചാരിക്കുന്നു. എന്നാൽ ആ സമയത്ത് അദ്ദേഹം എല്ലാം തീരുമാനിക്കപ്പെട്ട ശേഷവും ധൈര്യമവലംബിച്ച് അവിടെ പോയി ആ വലിയ സംഘാടകരെ കൊണ്ട് സമ്മതിപ്പിക്കുകയും ചെയ്തു.

അങ്ങനെ നയ്യർ സാഹിബിനോടൊപ്പം ഈ പരിപാടിയെ കുറിച്ച് വീണ്ടും പുനർ അവലോകനം നടത്തി ഹിന്ദു മത പ്രഭാഷകരേയും, ബുദ്ധമത പ്രഭാഷകരേയും കൂടാതെ സൂഫിസത്തെ സംബന്ധിച്ചും നയ്യർ സാഹിബുമായി കൂടിയാലോചന നടത്തി, സൂഫിസത്തെ സംബന്ധിച്ച് സംസാരിക്കുന്നതിന് സൂഫി റോഷൻ അലി സാഹിബ് رضي الله عنه ന്റെ പേര് എഴുതിപ്പിച്ചു. അതിനോടൊപ്പം തന്നെ ഹാഫിസ് റോഷൻ അലി സാഹിബ്, അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഇമാമായ ഹ: ഖലീഫത്തുൽ മസീഹ് സാനി رضي الله عنه യുടെ അനുവാദമില്ലാതെ വരില്ല എന്നും അവരെ ബോധിപ്പിച്ചു.

കമ്മറ്റിയിൽ ഈ പേര് നിർദ്ദേശിക്കപ്പെട്ടപ്പോൾ തന്നെ ഡോ: അർണോൾഡും, പ്രൊ: മാക് ഗുല്ലേത്തും കമ്മറ്റിയിലെ മറ്റ് അംഗങ്ങളും വളരെ ആത്മാർഥതയോടും, സ്നേഹത്തോടും കൂടി ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയുടെ സവിധത്തിൽ അദ്ദേഹം സ്വയം ഈ കോൺഫറൻസിൽ പങ്കെടുക്കണമെന്നും ഒപ്പം ഹാഫിസ് റോഷൻ അലി സാഹിബിനെ കൊണ്ടുവരണമെന്നും അഭ്യർഥിക്കാൻ തീരുമാനിച്ചു. അങ്ങനെ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ന്റെ സവിധത്തിൽ ഇന്ത്യയിലെ പ്രശസ്തരായ മത നേതാക്കന്മാരുടെയും ക്ഷണക്കത്ത് ലഭിച്ചു.

എന്തായാലും ഞാൻ സൂചിപ്പിച്ചത് പോലെ ഒരുപാട് ആലോചിച്ച ശേഷമാണ് ഈ ക്ഷണം സ്വീകരിച്ചത് ഖലീഫത്തുൽ മസീഹ് സാനി رضي الله عنه കോൺഫറൻസിന് വേണ്ടി പ്രബന്ധം എഴുതാൻ ആരംഭിച്ചു. ഇതിന്റെ പരിഭാഷയും, തിരുത്തലും ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ്, മൗലവി ശേർ അലിഖാൻ സാഹിബ്, മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ എന്നിവർ നിർവഹിച്ചു. എന്നാൽ ഈ രീതിയിൽ തയ്യാറാക്കിയ പ്രബന്ധം വളരെ സുദീർഘമായിപ്പോയി, അത് വായിച്ച് കേൾപ്പിക്കുന്നത് അനുയോജ്യമായിരുന്നില്ല. കാരണം സമയ ബന്ധിതമായി അത് അവതരിപ്പിക്കാൻ സാധിക്കില്ലായിരുന്നു. അതിന്റെ സംക്ഷിപ്ത രൂപം അവതരിപ്പിക്കുന്നത് അനുയോജ്യമല്ലാത്ത കാരണത്താൽ, പുതിയ ഒരു പ്രബന്ധം തന്നെ എഴുതണം എന്ന് തീരുമാനിക്കുകയുണ്ടായി. അങ്ങനെ പുതിയ പ്രബന്ധം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി رضي الله عنه എഴുതി പിന്നീട് അത് പരിഭാഷപ്പെടുത്തി. എന്തായാലും അദ്ദേഹം യാത്ര പുറപ്പെട്ടു. ഞാൻ മുൻപ് പറഞ്ഞത് പോലെ 23 സപ്തംബർ, 1924 ന് ഈ കോൺഫറൻസ് ആരംഭിച്ചു. ഈ ദിനം യൂറോപ്യൻ യാത്ര ചരിത്രത്തിലെ സുവർണ്ണ ദിനമായിരുന്നു. ഇന്നേ ദിവസം വെംബ്ലേ കോൺഫറൻസിൽ ഖലീഫത്തുൽ മസീഹ് സാനിയുടെ ഈ പ്രബന്ധം വായിക്കപ്പെടേണ്ടതായിരുന്നു. അങ്ങനെ ഇത് അവതരിപ്പിക്കുന്നതിലൂടെ ഇസ്ലാമിന്റെയും, അഹ്മദിയ്യത്തിന്റെയും പ്രശസ്തിക്ക് തിലകക്കുറി ചാർത്തപ്പെടുകയായിരുന്നു. യൂറോപ്പിൽ ഇസ്ലാമിന്റെ സന്ദേശം ശരിയായ രീതിയിൽ എത്തിക്കപ്പെട്ടു. ഹ: മസീഹ് മൗഊദ് عليه السلام ന്റെ ലണ്ടനിൽ പ്രഭാഷണം നടത്തുന്നതായിട്ടുള്ള ഒരു ദർശനം, (ഇതിനേകുറിച്ച് മുസ്ലിഹ് മൗഊദ് رضي الله عنه ഈ പ്രഭാഷണത്തിലും പ്രതിപാദിച്ചിട്ടുണ്ടായിരുന്നു.) മുഴുവൻ പ്രൗഢിയോടും കൂടി പൂർത്തിയായി.

പ്രബന്ധം അവതരിപ്പിക്കാൻ നിശ്ചയിക്കപ്പെട്ടത് വൈകിട്ട് 5 മണിക്കായിരുന്നു. ഇതിന് മുമ്പ് തുടർചയായി രണ്ടര മണിക്കൂറോളം ആളുകൾ ഇസ്ലാമിനേ കുറിച്ചും മറ്റ് മതങ്ങളേ കുറിച്ചും ഉള്ള പ്രഭാഷണങ്ങൾ ശ്രവിച്ചു കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണ സമയമായപ്പോൾ ആളുകൾ അവരവരുടെ ഇരിപ്പിടങ്ങളിൽ

തന്നെ ഇരിക്കുകയും, അതീവ താത്പര്യത്തോടും അഭിരുചിയോടും കൂടെ ശ്രവിക്കുകയും ചെയ്തെന്നു മാത്രമല്ല, നോക്കി നിൽക്കെത്തന്നെ ഹാളിലെ ഇരിപ്പിടങ്ങൾ നിറഞ്ഞു കൊണ്ടിരുന്നു. അതിന് മുമ്പുള്ള ഒരു പ്രഭാഷണത്തിനും തന്നെ ഇത്ര കണ്ട് ശ്രോതാക്കൾ ഇല്ലായിരുന്നു. ഈ സദസ്സിൽ അധ്യക്ഷൻ സർ. തിയോഡർ മോറിസൺ ഹുസൂറിനെ പരിചയപ്പെടുത്തുകയും തികഞ്ഞ ആദരവോടും ബഹുമാനത്തോടും കൂടെ അദ്ദേഹത്തോട് തന്റെ വാക്കുകളാൽ ധന്യമാക്കുവാനും അപേക്ഷിച്ചു. അപ്പോൾ ഹ: ഖലീഫത്തുൽ മസീഹ് സാനി ﷺ തന്റെ സുഹൃത്തുക്കളോടൊപ്പം സ്റ്റേജിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം എഴുന്നേറ്റ് ഇംഗ്ലീഷിൽ ചുരുങ്ങിയ രീതിയിൽ പ്രസംഗിച്ചു. ബഹുമാന്യ അധ്യക്ഷൻ, മറ്റ് സഹോദരി സഹോദരന്മാരെ ഞാൻ ആദ്യമായി ഈ കോൺഫറൻസിന്റെ സംഘാടകരുടെ ഹൃദയത്തിൽ ഇത്തരം മതപരമായ ആശയങ്ങളെ കുറിച്ച് ചർച ചെയ്യണമെന്ന ചിന്ത ഇട്ടുകൊടുത്ത അല്ലാഹുവിന് നന്ദി പറയുന്നു, അങ്ങനെ വ്യത്യസ്ത മതവിഭാഗങ്ങളുടെ പ്രഭാഷണങ്ങളും, ആശയങ്ങളും കേട്ട് ഏത് മതമാണ് സ്വീകരിക്കേണ്ടത് എന്ന് തീരുമാനിക്കാൻ സാധിക്കുന്നതാണ്. അതിന് ശേഷം ഞാൻ എന്റെ ശിഷ്യനായ ചൗധരി സഫറുല്ലാ ഖാൻ സാഹിബ് Bar-at-law യോട് എന്റെ പ്രബന്ധം കേൾപ്പിക്കാൻ നിർദ്ദേശിക്കുകയാണ്. അത്പോലെ അദ്ദേഹം പറഞ്ഞു ഞാൻ എന്റെ സ്വന്തം ഭാഷയിൽ എഴുതിയ പ്രബന്ധങ്ങളും വായിക്കാറില്ല, ഞാൻ സാധാരണയായി ആറ് ഏഴ് മണിക്കൂറുകൾ തുടർച്ചയായി വായ്മൊഴിയായി സംസാരിക്കാറാണ് പതിവ്. പറഞ്ഞു, മതപരമായ കാര്യങ്ങൾ ലോകത്ത് മാത്രമായി അവസാനിക്കുന്നില്ല. മറിച്ച് മരണ ശേഷവും അത് അടുത്ത ലോകം വരേയും തുടരുന്നു. മനുഷ്യന്റെ നിത്യ ശാന്തി മതലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു ആയതിനാൽ നിങ്ങൾ ഇതിനെകുറിച്ച് ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യേണ്ടതാണ്. ഇനി ഇത് നിങ്ങൾ ശ്രദ്ധിച്ച് കേൾക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എന്തായാലും ചൗധരി സാഹിബ് ഏകദേശം ഒരു മണിക്കൂർ ദൈർഘ്യത്തിൽ ഗാംഭീര്യത്തോട് കൂടി ആ വിഷയം അവതരിപ്പിച്ചു. ചൗധരി സാഹിബിന്റെ തൊണ്ടയിൽ അസ്വസ്ഥത ഉണ്ടായിരുന്നിട്ട് കൂടി അല്ലാഹുവിന്റെ സവിശേഷമായ സഹായം കാരണത്താൽ വളരെ ഔന്നിത്യത്തോടെ അദ്ദേഹം ആ പ്രബന്ധം വായിച്ചു. ഒരിടത്ത് ഖലീഫത്തുൽ മസീഹ് സാനി ﷺ പറഞ്ഞിട്ടുണ്ട്, "ചൗധരി സാഹിബ് വായിച്ച പ്രബന്ധം യഥാർഥത്തിൽ അത് എന്റെ തന്നെ നാവ് ആയിരുന്നു. അതായത് വായിച്ചത് ചൗധരി സാഹിബ് ആണെങ്കിലും നാവ് ചൗധരി സാഹിബിന്റേത് അല്ലായിരുന്നു. മറിച്ച് എന്റേതായിരുന്നു."

എന്തായലും ഈ പ്രബന്ധത്തിൽ അവതരിപ്പിച്ച വിഷയം ശ്രോതാക്കളിൽ ഒരു പ്രത്യേക അനുഭൂതി ഉളവാക്കി. എല്ലാ ശ്രോതാക്കളും അഹ്മദികൾ ആണെന്ന് തോന്നിപ്പിച്ചിരുന്നു. എല്ലാവരും ഒരു സ്വപ്നത്തിൽ എന്നപോലെ അവസാനം വരെ ഇരുന്നു. പ്രബന്ധത്തിൽ ഇസ്‌ലാമിനെ കുറിച്ച് ആളുകൾക്ക് അറിയാത്ത പുതിയ വിഷയങ്ങൾ വരുമ്പോൾ പലരും തന്നെ സന്തോഷത്താൽ തുള്ളിച്ചാടിയിരുന്നു. അടിമത്വം, പലിശ, ബഹുഭാര്യത്വം, തുടങ്ങിയ വിഷയങ്ങൾ വളരെ വ്യക്തമായ രീതിയിൽ പ്രതിപാദിക്കപ്പെട്ടു. ഈ വിഷയത്തെ പുരുഷന്മാർ മാത്രമല്ല സ്ത്രീകളും വളരെ താത്പര്യത്തോട് കൂടി ശ്രവിച്ചു. ഒരു മണിക്കൂറിന് ശേഷം പ്രബന്ധം അവസാനിച്ചപ്പോൾ ആളുകൾ വികാരാവേശത്തോട് കൂടി ദീർഘനേരം കൈയ്യടിച്ചു. സഭാധ്യക്ഷന് കുറേ നേരം കാത്തിരിക്കേണ്ടിവന്നു. ഈ പ്രബന്ധം അൻവാറുൽ ഉലൂമിന്റെ എട്ടാമത്തെ വാള്യത്തിൽ ഉണ്ട്. എന്തായാലും ചുരുക്കത്തിൽ ഈ പ്രബന്ധത്തിൽ ഹദ്റത് മുസ്‌ലിഹ് മൗഊദ് ﷺ 1889 ൽ അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാപനത്തെ കുറിച്ചും ആരംഭത്തെ കുറിച്ചും പ്രതിപാദിച്ചു. പിന്നീട് അദ്ദേഹം പറഞ്ഞു. ഹ: മസീഹ് മൗഊദ് ﷺ ന്റെ മഹ്ദി ആണെന്ന വാദത്തെ കുറിച്ചുള്ള പ്രവചനം റസൂൽ തിരുമേനി ﷺ ചെയ്തിട്ടുണ്ട്. അത്പോലെ അദ്ദേഹത്തിന്റെ മസീഹ് ആണ് എന്ന വാദത്തേകുറിച്ചുള്ള പ്രവചനം ഇഞ്ചീലിലും മറ്റ് മുൻകാല ഗ്രന്ഥങ്ങളിലും ഉണ്ട്. ഈ വാദങ്ങൾ കാരണത്താൽ എല്ലായിടത്ത് നിന്നും അദ്ദേഹത്തിന് എതിർപ്പുകൾ നേരിടേണ്ടിവന്നു. മുസ്‌ലിം പണ്ഡിതന്മാരും മുന്നിട്ടിറങ്ങി അദ്ദേഹത്തിനെ എതിർത്തു. എന്നാൽ ഇതെല്ലാമായിട്ടും അദ്ദേഹത്തിന് ചുറ്റും ആളുകൾ തടിച്ച് കൂടാൻ തുടങ്ങി അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു ജമാഅത്ത് രൂപപ്പെട്ടു. പിന്നീട് ജമാഅത്ത് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ മെല്ലെ മെല്ലെ വളരാൻ തുടങ്ങി. പ്രബന്ധത്തിന്റെ ചുരുക്കമാണ്, മറിച്ച് വളരെ പരിമിതമായ രീതിയിൽ അതിന്റെ പോയിന്റുകൾ മാത്രമാണ് ഞാൻ പറയുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സംക്ഷിപ്തമായ പ്രബന്ധം അവതരിപ്പിക്കുന്നതിന് പോലും ഒരു മണിക്കൂർ സമയം എടുത്തു. ആദ്യം എഴുതിയ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം വളരെ വലിയ ഗ്രന്ഥം ആണ്. എന്തായാലും അദ്ദേഹം പറയുന്നു.

"ഹദ്റത് മസീഹ് മൗഊദ് ﷺ ന്റെ വഫാത്തിന് ശേഷം ജമാഅത്തിൽ ഖിലാഫത്തിന്റെ സംവിധാനം ആരംഭിച്ചു. ഈ ഖിലാഫത്ത് വ്യവസ്ഥിതിയിലൂടെ ഈ മിഷൻ മുന്നോട്ട് വ്യാപിച്ച് കൊണ്ടിരുന്നു. അങ്ങനെ ഡസൻകണക്കിന് നാടുകളിൽ ജമാഅത്ത് സ്ഥാപിക്കപ്പെട്ടു. എല്ലാമതങ്ങളിലും ഉള്ള ആളുകൾ ഇസ്‌ലാമിൽ, ജമാഅത്തിൽ ചേരാൻ തുടങ്ങി. ഹദ്റത് മസീഹ് മൗഊദ് ﷺ വ്യക്തമായി പറഞ്ഞിരിക്കുന്നു. പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ മസീഹ് മൗഊദിന്റെ ആവശ്യം ഈ കാലഘട്ടത്തിനാണ് ഉള്ളത് എന്ത്കൊണ്ടെന്നാൽ ഒരോ കാലഘട്ടങ്ങളിലും ആവശ്യം അനുസരിച്ച് പരിഷ്ക്കർത്താക്കളായ മസീഹുകൾ വന്നിട്ടുണ്ട്." പിന്നീട് ഹ: മസീഹ് മൗഊദ് ഇങ്ങനേയും പറഞ്ഞതായി അദ്ദേഹം പറഞ്ഞു. ദൈവം തന്റെ വരിഷ്ഠരായ ദാസന്മാരോട് സംസാരിക്കുന്നു. അവരുടെ പ്രാർഥനകൾ കേൾക്കുന്നു. അല്ലാഹു പരമകാരുണ്യകനും, ദയയുള്ളവനും ആകുന്നു. ആയതിനാൽ അവൻ വാഗ്ദത്ത മസീഹിനെ അയച്ചുകൊണ്ട് ഈ കാലഘട്ടത്തിൽ പരിഷ്കരണത്തിനുള്ള മാർഗങ്ങൾ ഒരുക്കിയിരിക്കുന്നു. ഹ: മസീഹ് മൗഊദ് ദൈവാസ്തികത്തിൽ ദൃഢവിശ്വാസം ഉണ്ടാക്കിയെടുത്ത് അവന്റെ ഏകത്വത്തെ സ്ഥാപിച്ച്, അവനുമായി ബന്ധം സ്ഥാപിക്കുവാനായി ഇന്നും അല്ലാഹു ജീവിച്ചിരിക്കുന്നതിനുള്ള തെളിവ് നൽകി ഒപ്പം വ്യക്തമായി പറയുകയും ചെയ്തു. അഥവാ ഏതെങ്കിലും മതം ദൈവാസ്തികൃത്തെ

പരിപൂർണമായി മനസ്സിലാക്കി കൊടുക്കുന്നില്ലായെങ്കിൽ അതിന് മതം എന്ന് പറയുന്നതിന് അർഹതയില്ല. പിന്നീട് ഹ: മുസ്‌ലിഹ് മൗഊദ് ﷺ തന്റെ പ്രബന്ധത്തിൽ പ്രവാചകന്മാരുടെ സ്ഥാനാമാനത്തെ കുറിച്ച്, ഓരോ വ്യക്തിയും ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാത്തിൽ ഉണ്ടാകുന്ന ആത്മീയ പുരോഗതിയ കുറിച്ചും വിവരിച്ചു. ഹദ്റത് മസീഹ് മൗഊദ് ﷺ വളരെ ഹിക്മത്തോടും, ദീർഘ വീക്ഷണത്തോടും കൂടി പറഞ്ഞ, വിശുദ്ധ ഖുർആൻ അവസാനത്തേയും, പരിപൂർണ്ണവുമായ ഗ്രന്ഥമാണ് എന്നതിന്റെ അർഥം മനുഷ്യൻ ഭൗതിക വികാസത്തിന്റെ അവസാന ഘട്ടത്തിൽ എത്തിക്കഴിഞ്ഞു എന്നല്ല. മറിച്ച്, വിശുദ്ധ ഖുർആൻ അവസാന ഗ്രന്ഥമാണ് എന്നതിൽ അടങ്ങിയിരിക്കുന്ന മനോഹാരിത, ഇതിൽ അറിവിന്റെ ആഴത്തിലുള്ള രഹസ്യങ്ങൾ മറഞ്ഞിരിക്കുന്നു. അത് ലഭിക്കുന്നത് ഇതിനേകുറിച്ചുള്ള അന്വേഷണത്തിൽ തികഞ്ഞ പക്വതയോടു കൂടി മുന്നോട്ട് നീങ്ങുന്നവർക്കാണ്. അങ്ങനെ പരിപക്വമായ നിലയിൽ ഇതിനെ തേടി നടക്കുമ്പോൾ ആത്മീയ പുരോഗതി ഉണ്ടാകുന്നതിനോടൊപ്പം തന്നെ മറ്റ് മറഞ്ഞിരിക്കുന്ന ഭൗതിക ജ്ഞാനസമ്പൂർണമായ വിഷയങ്ങളും വിശുദ്ധ ഖുർആനിൽ നിന്ന് ലഭിക്കുന്നതാണ്. ഇത് ഓരോരുത്തർക്കും തന്നെ അവരുടെ അഭിരുചിക്ക് അനുസൃതമായിട്ടാണ് ലഭ്യമാകുന്നത്.

പിന്നീട് ഹ: മുസ്‌ലിഹ് മൗഊദ് ﷺ വിശുദ്ധ ഖുർആൻ മുസ്‌ലിംകളുടെ മേൽ ഉന്നയിക്കപ്പെടുന്ന ഇസ്‌ലാം വാളിനാൽ പ്രചരിക്കപ്പെട്ടു എന്നതിനും മറുപടി നൽകുന്നു. ഇതിന് തെളിവായിക്കൊണ്ട് ദീനിൽ യാതൊരു ബലാൽകാരവുമില്ല എന്ന ആയത്ത് ഉദ്ധരിച്ചു. ഇസ്‌ലാമിനെ നശിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നക്കുമ്പോൾ മാത്രമേ യുദ്ധം അനുവദിക്കപ്പെട്ടിട്ടുള്ളൂ. അത്പോലെ വ്യത്യസ്ത വിഷയങ്ങളും അദ്ദേഹം ഈ പ്രവചനത്തിൽ പ്രതിപാദിക്കുകയുണ്ടായി. ഉദാഹരണത്തിന് അടിമത്വം, പലിശ നിരോധനം, ബഹുഭാര്യത്വം, സത്സ്വഭാവത്തേകുറിച്ചുള്ള അധ്യാപനം, മരണാനന്തര ജീവിതം എന്നീ വിഷയങ്ങളേ കുറിച്ചുള്ള ഇസ്‌ലാമിക കാഴ്ചപ്പാട് എന്താണ് എന്ന് അദ്ദേഹം വിശദീകരിച്ചു.

അതിന് ശേഷം ഹദ്റത് മസീഹ് മൗഊദ് ﷺന്റെ സത്യസന്ധതയ്ക്കുള്ള തെളിവ് ഉന്നയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സഹായത്തിനായി വെളിപ്പെട്ട ദൈവിക ദൃഷ്ടാന്തങ്ങളേ കുറിച്ച് പ്രതിപാദിച്ചു. പിന്നീട് ഹ: മുസ്‌ലിഹ് മൗഊദ് ﷺ ഈ പ്രബന്ധത്തിൽ ഹ: മസീഹ് മൗഊദ് ﷺ ഒരു ദർശനത്തെ കുറിച്ചും പ്രതിപാദിക്കുന്നു. അതിൽ ഹദ്റത് മസീഹ് മൗഊദ് ﷺ ലണ്ടനിൽ ഒരു സ്റ്റേജിൽ നിന്ന് കൊണ്ട് ഇസ്‌ലാമിനെ സംബന്ധിച്ച് ഒരു പ്രഭാഷണം നടത്തുന്നു. അതിന് ശേഷം അദ്ദേഹം ഏതാനും പക്ഷികളെ പിടിച്ചു. അദ്ദേഹം അതിനെ ഇപ്രകാരം വ്യാഖ്യാനിച്ചു. അതായത് അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ ലണ്ടനിൽ പ്രചരിപ്പിക്കപ്പെടുന്നതാണ്. അങ്ങനെ അദ്ദേഹത്തിലൂടെ ആളുകൾ ഇസ്‌ലാമിൽ പ്രവേശിക്കുന്നതാണ്. അതിന്റെ ആദ്യത്തെ പുലർച്ച ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﷺന്റെ ഈ പ്രഭാഷണത്തോട് കൂടി പൂർത്തീകരിക്കപ്പെട്ടു.

പിന്നീട് മുസ്‌ലിഹ് മൗഊദ് ﷺ ഹ: മസീഹ് മൗഊദ് ﷺന്റെ ഈ നിർദ്ദേശത്തേയും മുന്നോട്ട് വച്ചു. അതായത് ഒരാൾ വൈരാഗ്യബുദ്ധി ഉപേക്ഷിക്കുകയും പരിശുദ്ധനായിക്കൊണ്ട് നാൽപത് ദിവസം വരെ സത്യം അറിയുന്നതിനായി ദുഃആ ചെയ്യുകയാണെങ്കിൽ അയാളിൽ സത്യം വെളിപ്പെടുന്നതാണ്.

അവസാനത്തിൽ ഹ: മുസ്‌ലിഹ് മൗഊദ് ﷺ ഈ പ്രബന്ധം ഇങ്ങനെ അവസാനിപ്പിച്ചു; സഹോദരീ സഹോദരന്മാരെ, ദൈവിക പ്രകാശം നിങ്ങൾക്കായി തിളങ്ങി നിൽക്കുന്നു. ലോകം കാലപ്പോക്കിനാൽ വെറും കഥയായി മനസ്സിലാക്കിയിരിക്കുന്നത് നിങ്ങളുടെ കൺമുന്നിൽ തന്നെ വെളിപ്പെട്ടിരിക്കുകയാണ്. ദൈവത്തിന്റെ ശക്തിപ്രഭാവം ഒരു പ്രവാചകനിലൂടെ നിങ്ങളിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. ഇദ്ദേഹത്തിന്റെ ആവിർഭാവത്തേകുറിച്ച് നൂഹ് ﷺ മുതൽ മുഹമ്മദ് ﷺ വരെയുള്ള എല്ലാ പ്രവാചകന്മാരും മുൻകൂട്ടി പ്രവചനം ചെയ്തിട്ടുണ്ട്. ദൈവം നിങ്ങൾക്ക് വേണ്ടി ഒരിക്കൽകൂടി ഇക്കാര്യം സ്ഥാപിച്ചുകാണിച്ചിരിക്കുന്നു. ഞാൻ മരിച്ച് മൺമറഞ്ഞവരുടെ മാത്രം ദൈവം അല്ല, മറിച്ച് ജീവിച്ചിരിക്കുന്നവരുടേയും ദൈവം ആണ്. മുൻപ് കടന്ന് കഴിഞ്ഞിട്ടുള്ളവരുടെ മാത്രം ദൈവം അല്ല മറിച്ച് ഭാവിയിൽ വരാനുള്ളവരുടെയും ദൈവം ആണ്. ആകയാൽ നിങ്ങൾ ഈ പ്രകാശത്തെ സ്വീകരിക്കുകയും അത് മുഖേന നിങ്ങളുടെ ഹൃദയത്തെ ദീപ്തമാക്കുകയും ചെയ്യുക. സഹോദരിമാരേ സഹോദരന്മാരേ ജീവിതം നശ്വരമാണ്, എന്നാൽ അതിന് ശേഷം ഒന്നുമില്ല എന്ന ചിന്താഗതി തെറ്റാണ്. ആത്മാവിനെ അവസാനിപ്പിക്കുവാനല്ല മറിച്ച് എന്നന്നേക്കുമായുള്ള ജീവിതത്തിന് വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. മനുഷ്യൻ ജനിക്കുന്ന നിമിഷം മുതൽ ഒരിക്കലും അവസാനമില്ലാത്ത ഒരു മാർഗത്തിൽ കൂടി ചലിപ്പിക്കപ്പെടുന്നു. മരണം ആ മാർഗത്തിന്റെ വേഗത വർദ്ധിപ്പിക്കുമെന്നല്ലാതെ മറ്റൊന്നുമില്ല. നിങ്ങൾ ചെറിയ ചെറിയ മത്സരങ്ങളിൽ ഒരാൾ മറ്റൊരാളേക്കാൾ മുന്നേറാൻ നിരന്തരമായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ വലിയ മത്സരത്തെ നിങ്ങളവഗണിച്ചു കളയുന്നതിൽ എന്താണ് കാര്യം. ഇതിന് ഭൂതം വർത്തമാനം ഭാവി തുടങ്ങിയ മൂന്ന് കാലത്തിലേയും തലമുറകൾക്ക് നിർബന്ധമായും പങ്കെടുക്കേണ്ടിയതായി വരുന്നതാണ്. കിഴക്ക് ഒരു ദൈവിക ദാസൻ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾക്ക് അറിവില്ലേ? ദൈവം അവൻ മുഖേന സത്യം നിങ്ങളുടെ കവാടങ്ങൾ വരെ എത്തിച്ചിരിക്കുന്നു. നിങ്ങൾ സത്യ ഹൃദയത്തോട് കൂടി നിങ്ങളിൽ ചെയ്തിരിക്കുന്ന ഈ ഔദാര്യത്തിന് നന്ദി രേഖപ്പെടുത്തുക. അത് മുഖേന അവന്റെ കാരുണ്യത്തെ നേടുന്നതിനായി മുന്നോട്ട് കുതിക്കുക. അത് മുഖേന അവന്റെ സ്നേഹം നിങ്ങൾക്ക് വേണ്ടി ആവേശത്താൽ അലതല്ലുന്നതാണ്. നിങ്ങൾ ബുദ്ധിയിൽ അലസത ഉണ്ടാകുന്ന പ്രയോജനകാരിയല്ലാത്ത വസ്തുക്കളെ താത്പര്യത്തോടെ കാണുന്നത് എന്തുകൊണ്ടാണ്?. പ്രയോജനകാരിയല്ലാത്ത ഈ വസ്തുക്കളിൽ നിങ്ങൾ എങ്ങനെയാണ് സംതൃപ്തരാകുന്നത്. ഇത് ആത്മാവിന്റെ ആഗ്രഹങ്ങളെ ഞെരുക്കിക്കളയുന്നവയാണ്. നിങ്ങൾ ബിംബത്തിന് മുന്നിൽ കുനിയുന്നതിനെ നിരാകരിക്കുകയും പിന്നീട് ജീവിതത്തിന്റെ യാതൊരു അടയാളങ്ങളുമില്ലാത്ത ഈ ബിംബങ്ങളുടെ മുന്നിൽ കുനിയുന്നതും എങ്ങനെയാണ്. വരൂ, ഈ ദൈവിക ജീവാമൃതത്തെ നുകരൂ, ഇത് ദൈവം നിങ്ങൾക്കായി ഒരുക്കിയതാണ്. ഈ പിയൂഷം ബുദ്ധിയെ നശിപ്പിക്കുന്നതല്ല മറിച്ച് അതിനെ ശാക്തീകരിക്കുന്നതാണ്.

സന്തോഷപ്പെടുക അല്ലയോ വധുവിന്റെ തോഴിമാരെ! സന്തോഷിക്കുക. (ഇത് ബൈബിളിന്റെ അടിസ്ഥാനത്തിൽ ആ രീതിയിൽ ആണ് പറഞ്ഞിരിക്കുന്നത്.) സന്തോഷ ഗീതങ്ങൾ പാടുക. വരൻ വന്നെത്തിയിരിക്കുന്നു. തേടിക്കൊണ്ടിരുന്ന വൻ ലഭ്യമായിരിക്കുന്നു. കാത്തിരുന്ന ആൾ, ആരെ കാത്ത് കാത്തിരുന്നവരുടെ കണ്ണുകൾ അന്ധമായിപ്പോയോ അവൻ ഇപ്പോൾ നിങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കുന്നു. ദൈവത്തിന്റെ പേരിൽ വന്നവൻ അനുഗ്രഹീതനാണ്. തീർച്ചയായും ദൈവത്തിന്റെ പേരിൽ വന്നവൻ അനുഗ്രഹീതനാണ്. അവനെ പ്രാപിക്കുന്നവൻ എല്ലാം പ്രാപിച്ചിരിക്കുന്നു. അവനെ കാണാൻ സാധിക്കാത്തവർക്ക് ഒന്നും കാണാൻ സാധ്യമല്ല. വ ആഖിർ ദഅ്വാന അനിൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ ഇവിടെ അദ്ദേഹം പ്രഭാഷണം അവസാനിപ്പിച്ചു.

ഇതിൽ വളരെ ഹിക്മത്തോടെ, വളരെ ധൈര്യത്തോടെ അദ്ദേഹം ഇസ്ലാമിന്റെ സവിശേഷതകളെ പ്രകീർത്തിച്ചു. ഒപ്പം ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഞാൻ മുൻപ് പറഞ്ഞതു പോലെ ഇത് ഒരു മണിക്കൂറിൽ കൂടുതൽ ദൈർഘ്യമുള്ള പ്രഭാഷണമായിരുന്നു. ഇതിന്റെ ഏറ്റവും ചുരുങ്ങിയ സംഗ്രഹമാണ് ചില പോയിന്റുകളുടെ അടിസ്ഥാനത്തിൽ ഞാൻ സമർപ്പിച്ചത്, എന്തായാലും ഈ പ്രഭാഷണം ശ്രോതാക്കാളിൽ ചെലുത്തിയ സ്വാധീനത്തെ സംബന്ധിച്ചും ഞാൻ പറയാൻ ആഗ്രഹിക്കുന്നു. കോൺഫറൻസിന്റെ അധ്യക്ഷൻ പറയുന്നു, അൽ ഫസ്ലിന്റെ റിപ്പോർട്ടിൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു.

മിർസാ ബശീറുദ്ദീൻ ഇമാം ജമാഅത്തെ അഹ്മദിയ്യായുടെ പ്രബന്ധം അവതരിപ്പിച്ചതിൽ സർ തിയോസർ മോറിസൺ തന്റെ അധ്യക്ഷ പ്രസംഗത്തിൽ പറയുന്നു, അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് ഇസ്ലാം ഒരു ജീവനുള്ള മതമാണെന്നും, ഇതിന്റെ പുനരുജ്ജീവനത്തേ കുറിച്ച് ആളുകൾ വളരെ പ്രതീക്ഷയൊടെ കാത്തിരിക്കുന്നു. മിർസാ ബശീറുദ്ദീനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ധാരാളം പച്ചപകിടി ധാരികളായ അനുയായികളും പറയുന്നത്, ഇസ്ലാമിൽ നിർബന്ധമായ ഒരു പ്രകൃതിയ പരിഷ്കരണമുണ്ട്. അതിന്റെ ഉദ്ദേശം പുതിയ ഏതെങ്കിലും ശരീഅത്ത് നിയമങ്ങൾ കൊണ്ടുവരിക എന്നല്ല മറിച്ച്, യഥാർഥവും സത്യവുമായ ഇസ്ലാമിക അധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നതാണ്. ഞാൻ കൂടുതൽ പറയേണ്ടകാര്യമില്ല. പ്രബന്ധത്തിന്റെ സവിശേഷതയും മനോഹാരിതയും, പ്രബന്ധം പ്രകടിപ്പിക്കുന്നുണ്ട് ഞാൻ എന്റെ ഭാഗത്ത് നിന്നും, ശ്രോതാക്കളുടെ ഭാഗത്ത് നിന്നും, ഈ പ്രബന്ധത്തിന്റെ സവിശേഷതയും, അതിന്റെ വിഷയ ക്രമത്തിലെ സവിശേഷതയ്ക്കും, അതിലെ ചിന്താധാര കൾക്കും, ഉന്നതമായ തെളിവുകൾക്കും ഖലീഫത്തുൽ മസീഹിന് നന്ദി രേഖപ്പെടുത്തുന്നു. ശ്രോതാക്കളുടെ മുഖം ഞാനീപറഞ്ഞതിനോട് യോജിക്കുന്നു എന്ന് പ്രകടിപ്പിക്കുന്നുണ്ട്, ശ്രോതാക്കളുടെ ഭാഗത്ത് നിന്ന് നന്ദി പറയുന്നതിൽ ഞാൻ സത്യത്തിലാണ് എന്ന് ദൃഢമായി വിശ്വസിക്കുന്നു. ഞാൻ അവരുടെ പ്രാതിനിധ്യത്തിന്റെ കടമ നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. പിന്നീട് ഹുസൂറിനെ അഭിസംബോധനം ചെയ്ത്കൊണ്ട് പറഞ്ഞു, ഞാൻ പ്രഭാഷണത്തിന്റെ വിജയത്തിൽ താങ്കളെ അഭിനന്ദിക്കുന്നു. താങ്കളുടെ പ്രബന്ധം വരെ ഉന്നതവും പ്രൗഢവുമായിരുന്നു. അതിന് ശേഷവും അധ്യക്ഷൻ മോറെസണ് കുറേ നേരം സ്റ്റേജിൽ തന്നെ നിന്നും വീണ്ടും വീണ്ടും പ്രബന്ധത്തെ പ്രകീർത്തിച്ചു കൊണ്ടിരിന്നു. ഈ പ്രബന്ധത്തിന്റെ പോയിന്റുകൾ ഞാൻ പറഞ്ഞത്, ഇതിൽ ഇസ്ലാമിന്റെ തബ്ലീഗാണ് ചെയ്യുന്നത് എന്നും അവസാനം പറഞ്ഞത് പോലെ വ്യക്തമായ രീതിയിൽ വരാനുള്ള മസീഹ് വന്നിരിക്കുന്നു എന്നും പറഞ്ഞിരിക്കുന്നുവെന്നും മനസ്സിലാക്കാനാണ്.

പിന്നെ ഫ്രീ ചർച്ചിന്റെ ഹെഡ് ഡോ. വാൽട്ടർ വാഷ് സ്വയം അദ്ദേഹം പ്രഗത്ഭനായ പ്രാസംഗികനാണ് അദ്ദേഹവും തന്റെ അഭിപ്രായം ഇപ്രകാരം പറയുന്നു. ഈ ലക്ചർ ശ്രദ്ധിക്കാൻ സാധിച്ചതിൽ ഞാൻ അത്യന്തം ഭാഗ്യവാനാണ്.

പിന്നീട് ഒരു ലോ പ്രഫസർ പറയുന്നു, ''ഞാൻ ഈ പ്രബന്ധം കേട്ട് കൊണ്ടിരിക്കുമ്പോൾ ഈ ദിവസം ഒരു പുതിയ യുഗത്തിനു ആരംഭം കുറിക്കുകയാണെന്ന് എനിക്ക് തോന്നി താങ്കൾ മറ്റ് ഏതെങ്കിലും രീതിയിൽ ആയിരക്കണക്കിന് രൂപ ചെലവാക്കിയാലും ഇത്ര മഹത്തരമായ വിജയം സ്വന്തമാക്കാൻ കഴിയില്ലായിരുന്നു.''

പിന്നീട് ഒരു പാതിരി പറയുന്നു. ''മൂന്ന് വർഷത്തിന് മുമ്പ് ഞാൻ ഒരു സ്വപ്നം കണ്ടിരുന്നു ഹദ്റത് മസീഹ് 13 അനുയായികളോടൊപ്പം ഇവിടെ വന്നിരിക്കുന്നു. ഇപ്പോൾ ആ സ്വപ്നം പൂർത്തിയായതായി ഞാൻ കാണുന്നു.'' 12 അനുയായികളെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു. പതിമൂന്നാമത്തേത് ഫംഗ്ഷൻ സമയത്ത് അവിടെ ഉണ്ടായിരുന്ന ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബാണ്. അങ്ങനെ 13 പേരുടെ എണ്ണം പൂർത്തിയായി.

കോൺഫറൻസിന്റെ സെക്രട്ടറി മിസ്റ്റർ ഷാർപ്ലസ് പറയുന്നു, ''ആളുകൾ ഈ പ്രബന്ധത്തിനെ ഒരുപാട് പ്രശംസിക്കുന്നു എന്നോട് ഒരു വ്യക്തി തിരുമനസ്സിനെ കുറിച്ച് പറഞ്ഞു, ഇദ്ദേഹം ഈ കാലഘട്ടത്തിലെ ലൂഥർ ആണെന്ന് തോന്നുന്നു.'' ചിലർ പറഞ്ഞു. ''ഇദ്ദേഹത്തിന്റെ ഹൃദയത്തിൽ അഗ്നിയുണ്ട്'' ഒരാൾ പറഞ്ഞു, ''ഈ പ്രബന്ധം മറ്റ് എല്ലാ പ്രബന്ധത്തേക്കാളും ഉത്തമമായ പ്രബന്ധമായിരുന്നു.'' ഒരു ജർമൻ പ്രൊഫസർ ജൽസയ്ക്ക് ശേഷം റോഡിലൂടെ നടക്കുമ്പോൾ മുന്നോട്ട് കയറി വന്ന് ഹുസൂറിന് ആശംസകൾ അർപ്പിച്ചിട്ട് പറഞ്ഞു, ''എന്റെ അടുത്തിരുന്ന വലിയ വലിയ ഇംഗ്ലീഷുകാർ ഇങ്ങനെ പറയുന്നുണ്ടായിരുന്നു, ഇത് അപൂർവമായ തത്വ ചിന്തകളാണ്, ഇത് എന്നും കേൾക്കാൻ സാധ്യമല്ല.''

ഇൻഡ്യൻ ഓഫീസിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ മിസ്റ്റർ റലയൻ ഖലീഫത്തുൽ മസീഹിന്റെ പ്രബന്ധം ഏറ്റവും ഉന്നതവും മഹത്തരവും ആയിരുന്നു എന്ന് അംഗീകരിക്കുന്നു.

ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനി പറയുന്നു. ഒരു വ്യക്തി ഹുസൂറിന്റെ സവിധത്തിൽ വന്ന് കൊണ്ട് പറഞ്ഞു ഞാൻ ഇന്ത്യയിൽ 30 വർഷം ജോലി ചെയ്തിട്ടുണ്ട്. മുസ്ലീംകളുടെ അവസ്ഥകളും അവർ സമർപ്പിക്കുന്ന തെളിവുകളും പഠിച്ചിട്ടുണ്ട്. ഞാൻ ഒരു മിഷണറി ആയിക്കൊണ്ട് ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നു. ഇത്ര സവിശേഷമായും, മനോഹാരിതയോടും ആഴത്തിലും താങ്കൾ ഈ വിഷയത്തെ അവതരിപ്പിച്ചതു പോലെ ഞാൻ മുൻപ് ഒരിക്കലും ഒരിടത്തും കേട്ടിട്ടില്ല. എന്നിൽ ഈ പ്രബന്ധത്തിന്റെ ചിന്താധാരകളും, തെളിവുകളും, വിഷയ അവതരണത്തിന്റേയും അടിസ്ഥാനത്തിൽ വളരെ ആഴത്തിൽ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്.

വിഷയാവതരണം കേൾക്കുന്നതിന് ഫ്രാൻസിൽ നിന്ന് വന്ന ഒരു വ്യക്തി പറയുന്നു. "ഞാൻ ഇസ്‌ലാം മതത്തിന് ക്രൈസ്തവ മതത്തേക്കാൾ പ്രാമുഖ്യം നൽകിയിരുന്നു. എന്നാൽ ഇസ്‌ലാമിനേക്കാൾ പ്രാമുഖ്യം ബുദ്ധമതത്തിനാണ് നൽകിയിരുന്നത്. ഇപ്പോൾ ഞാൻ താങ്കളുടെ പ്രബന്ധവും, ബുദ്ധമതസ്ഥരുടെ പ്രബന്ധവും കേട്ട ശേഷം ഇസ്‌ലാം തന്നെയാണ് ഏറ്റവും ഉന്നതമായ മതം എന്ന് ഉറച്ച് വിശ്വസിക്കുന്നു. സവിശേഷതയോടും മനോഹാരിതയോടും താങ്കൾ ഇസ്‌ലാമിനെ അവതരിപ്പിച്ചു. മറ്റാർക്കും തന്നെ അതിനെ എതിരിടാൻ സാധ്യമല്ല എന്റെ ഹൃദയത്തിൽ ഇതിന്റെ വർധിച്ച സ്വാധീനമുണ്ട്."

അത് പോലെ സ്ത്രീകളും ധാരാളം പങ്കെടുത്തു. അവരും ഈ പ്രസംഗത്തെ ഒരുപാട് പ്രകീർത്തിച്ചു. ഒരു സ്ത്രീ പറയുന്നു. "ചിലർ എന്നോട് പറഞ്ഞു. 'there is fire in him' അതായത് അയാളിൽ ഒരു അഗ്നിയുണ്ട്."

അതുപോലെ മിസിസ് ഷാർപ്ലസ് പറയുന്നു, "ഒരു ഇംഗ്ലീഷ് കാരൻ എന്റെ അടുത്ത് വന്നു എന്നോട് പറഞ്ഞു; നിങ്ങൾ എന്നെ ചായ കുടിക്കാൻ ക്ഷണിച്ചിട്ടില്ല. അവിടെ ചായക്കുള്ള ഏർപ്പാടുണ്ടായിരുന്നു. എനിക്ക് അനുവാദം തരികയാണെങ്കിൽ ഞാൻ ഉള്ളിൽ വരുന്നതാണ്. എന്റെ ഉദ്ദേശ്യം യഥാർത്ഥത്തിൽ ഇന്ത്യയിൽ നിന്ന് ഇസ്‌ലാം മതത്തെ സമർപ്പിക്കാൻ വന്ന അഹ്മദികളുടെ നേതാവുമായ ആ വ്യക്തിയെ കാണുക എന്നതാണ്. ആ വ്യക്തി ഹുസൂറിനെ കണ്ട് സംസാരിച്ചു. എന്നിട്ട് മൗലവി മുബാറക് അലി സാഹിബിനോടായി പറഞ്ഞു, ഞാൻ ബുദ്ധമതക്കാരുടെ പ്രബന്ധം കേട്ടു. മറ്റ് മതസ്ഥരുടെ പ്രബന്ധവും കേട്ടു എന്നാൽ ഈ പ്രബന്ധം എല്ലാ പ്രബന്ധങ്ങളേക്കാളും ഉത്തമം ആയിരുന്നു.

ഇവിടെ പ്രൊഫസറായ ഒരു ജർമ്മൻ വ്യക്തി ജൽസ കഴിഞ്ഞ് മടങ്ങുന്ന വഴിയിൽ മുന്നോട്ട് വന്നു. (ആദ്യം പ്രതിപാദിച്ച് വ്യക്തിയാണ് എന്ന് തോന്നുന്നു, ഇവിടെ കുറച്ച് കൂടി വിശദീകരിച്ച് പറഞ്ഞിരിക്കുന്നു.) അദ്ദേഹം ഹുസൂറിനോട് അടുത്ത് വന്ന് ആശംസകൾ അർപ്പിച്ച് പറഞ്ഞു, "എന്റെ അടുത്ത് വലിയ വലിയ ഇംഗ്ലീഷുകാർ ഇരിപ്പുണ്ടായിരുന്നു. പലരും തുടയിൽ കയ്യടിക്കുന്നതായി എനിക്ക് കാണാൻ കഴിഞ്ഞു. 'these were great ideas and one did not get to hear such great ideas every day' അതായത് വളരെ അപൂർവമായ ചിന്താഗതികളാണ്. ഈ രീതിയിലുള്ള ചിന്താധാരകൾ എല്ലായ്പ്പോഴും കേൾക്കാൻ സാധിക്കുന്നതല്ല." പറയുന്നു, "ചില സ്ഥലങ്ങളിൽ ആളുകൾ അനിയന്ത്രിതമായി പറയുമായിരുന്നു. 'what a beautiful and true principle' എത്ര മാത്രം മനോഹരം സത്യ സന്ധവുമായ ആദർശങ്ങളാണ്. തന്റെ അഭിപ്രായം പ്രകടിപ്പിച്ച് കൊണ്ട് പറയുന്നു, ഈ അവസരം അഹ്മദികൾക്ക് ഒരു 'Turning Point' ആണ്. ആയിരക്കണക്കിന് പൗണ്ടുകൾ ചെലവാക്കിയാൽ പോലും നിങ്ങൾക്ക് നേടിയെടുക്കാൻ സാധിക്കാത്ത രീതിയിലുള്ള പ്രശസ്തിയും വിജയവുമാണ് നിങ്ങൾക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നത്.

ഇന്ത്യൻ ഓഫീസിലെ ഒരു വലിയ ഉദ്യോഗസ്ഥൻ മിസ്റ്റർ ലെയ്ൻ പ്രഭാഷണം കേട്ടിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യാ അന്ന് വന്നിരുന്നില്ല. അദ്ദേഹം വീട്ടിൽ ചെന്ന് ഭാര്യയോട് ഇതിനേകുറിച്ച് പറഞ്ഞു. അടുത്ത ദിവസം അവർ വന്നുകൊണ്ട് ഈ സംഘത്തിലെ ആളുകളുമായി കൂടിക്കാഴ്ച്ച നടത്തി. "എനിക്ക് ഇന്നലെ വരാൻ സാധിച്ചില്ലാ എന്നും എന്റെ ഭർത്താവ് വീട്ടിൽ വന്ന് ഈ പ്രബന്ധം എത്രത്തോളം വിജയകരവും സ്വീകാര്യവുമാണ് എന്നും പറയുകയുണ്ടായി."

നിരീശ്വരവാദിയായ ഒരു സ്ത്രീ മിസ്സ് കോൺട്‌ലസ് പറയുന്നു, "ഇത് വളരെ ഹൃദയധാരിയായ പ്രബന്ധമായിരുന്നു. വളരെ ഉന്നതമായ ചിന്തകളാണ്, പുതിയ യഥാർത്ഥങ്ങളാണ് ഇതിലുള്ളത് അത് പോലെ മറ്റുള്ളവർ പ്രശംസിച്ച അതേ വാക്കുകളിൽ ഇവരും പ്രശംസിച്ചു."

ബഹായി മതത്തിൽ പെട്ട ഒരു സ്ത്രീ പ്രഭാഷണം കേട്ടു. ഞങ്ങളോടൊപ്പം വീട് വരെ നടന്നു. അവർ പറയുന്നു, "ഞാൻ ബഹായി ചിന്താഗതിക്കാരിയായിരുന്നു. എന്നാൽ ഇന്നത്തെ പ്രഭാഷണം കേട്ട് എന്റെ ചിന്തകൾ മാറിയിരിക്കുന്നു. ഞാൻ നിങ്ങളുടെ കൂടുതൽ പ്രഭാഷണങ്ങൾ കേൾക്കാൻ ആഗ്രഹിക്കുന്നു. ഇനി എപ്പോൾ, എവിടെയെല്ലാം പ്രഭാഷാണങ്ങൾ ഉണ്ടാകുമെന്ന് ദയവ് ചെയ്ത് പറയുക. ഞാൻ തീർച്ചയായും വരുന്നതാണ്."

ഒരു ക്രൈസ്തവ സ്ത്രീ തന്റെ മകളോടൊപ്പം അവിടെ വന്നിരുന്നു. വളരെ ആത്മാർത്ഥതയോടെ ഖലീഫത്തുൽ മസീഹ് സാനിയുടെ പിന്നാലെ നടന്നുവന്നു പറഞ്ഞു, വ്യാഴാഴ്ച്ച താങ്കൾ എന്റെ വീട്ടിൽ ചായകുടിക്കാൻ വരണം ഹുസൂർ തന്റെ തിരക്കുകൾ കാരണം ക്ഷണം സ്വീകരിക്കാതെ വന്നപ്പോൾ അവർ വീണ്ടും വീണ്ടും അഭ്യർത്ഥിച്ചു കൊണ്ട് അതിന് സമ്മതിപ്പിച്ചു. എന്നിട്ട് പറഞ്ഞു, "എപ്പോൾ വന്നാലും കുഴപ്പില്ല പക്ഷേ നിർബന്ധമായും വരിക."

ഒരു വ്യക്തി പറയുന്നു. "എത്ര മനോഹരമായ വിഷയം ആയിരുന്നെന്നാൽ **ഹുബ്ബുൽ വതൻ** അതായത് രാജ്യസ്നേഹത്തേക്കാൾ മനോഹരമായ വിഷയം ആയിരുന്നു."

പത്ര മാധ്യമങ്ങളിൽ ഇതിനെ കുറിച്ച് വന്ന പ്രതികരണങ്ങളിൽ നിന്ന് ഒരു പത്രത്തിന്റെ ഉദാഹരണം മാത്രം ഞാൻ കേൾപ്പിക്കുന്നു. മാഞ്ചസ്റ്റർ ഗാഡിയൻ 24 സപ്തംബർ 1942 ലെ പ്രസിദ്ധീകരണത്തിൽ എഴുതുന്നു. ഈ കോൺഫറൻസിൽ ഒരു തരംഗവുമുണ്ടാക്കിയ സംഭവം നടന്നു. ആ സംഭവം നടന്നത് ഇന്ന് വൈകുന്നേരം ഇസ്‌ലാമിന്റെ ഒരു പുതിയ ഫിർഖയേ കുറിച്ചുള്ള ചർച്ചയായിരുന്നു. പുതിയ ഫിർഖ എന്ന വാക്ക് ഞങ്ങൾ എളുപ്പത്തിന് വേണ്ടി ഉപയോഗിച്ചതാണ്. യഥാർത്ഥത്തിൽ ഇവർ തങ്ങളെ പുതിയതായി കാണുന്നില്ല. (ഇതു വിശദീകരിച്ചു.) ഈ വിഭാഗത്തിന്റെ ആരംഭം അവർ പറയുന്നതനുസരിച്ച് ഇന്നേക്ക് 34 വർഷം മുമ്പ് ബൈബിളിലും മറ്റ് ഗ്രന്ഥങ്ങളിലും പ്രവചനം ചെയ്തിരുന്ന മസീഹിന്റെ കരങ്ങളാൽ സ്ഥാപിതമായതാണ്. ഈ വിഭാഗത്തിന്റെ വാദം ദൈവം തന്റെ ഇൽഹാമിന്റെ വെളിച്ചത്തിൽ ഈ പ്രസ്ഥാനം സ്ഥാപിച്ചിരിക്കുന്നത് മനുഷ്യകുലത്തിനെ ഇതു മുഖേന ദൈവത്തിലേക്ക് എത്തുവാനാണ്. വെളുത്ത പകിടി ധരിച്ച് ഒരു ഇന്ത്യാക്കാരൻ, മുഖം പ്രകാശപൂർണവും സമ്പുഷ്ടവുമാണ്, അദ്ദേഹം കറുത്ത താടി വച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്ഥാനപ്പേര് ഖലീഫത്തുൽ മസീഹ് തിരുമനസ്സ് അൽഹാജ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് അല്ലെങ്കിൽ ചുരുക്കത്തിൽ ഖലീഫത്തുൽ മസീഹ് എന്നാണ്. ഇസ്‌ലാമിൽ അഹ്മദിയ്യാ പ്രസ്ഥാനം എന്ന തലക്കെട്ടിൽ തന്റെ പ്രബന്ധം അനുസരിച്ച് പച്ചനിറത്തി

ലുള്ള റോമി തൊപ്പി ധരിച്ച അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ വളരെ പ്രൗഢഗംഭീരമായ രീതിയിൽ അവതരിപ്പിച്ചു. ഇസ്‌ലാമിനെ സഹായിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായി തന്റെ പ്രബന്ധം വളരെ ആവേശഭരിതമായ ഒരു അപ്പീലോട് കൂടി അവസാനിപ്പിച്ചു. ഇതിൽ അവർ ശ്രോതാക്കളോട് ഈ പുതിയ മസീഹിനെയും പുതിയ പ്രബന്ധത്തേയും സ്വീകരിക്കാൻ ആഹ്വാനം ചെയ്തു. ഈ പ്രബന്ധം അവതരിപ്പിച്ചതിന് ശേഷം എത്രത്തോളം പ്രശംസകളും, പുകഴ്ത്തലുകളും, ഹരഘോഷമുണ്ടായോ അത്രത്തോളം മറ്റ് ഒരു പ്രബന്ധത്തിന്റെ സമയത്തും ഉണ്ടായിട്ടില്ല എന്ന് കൂടി വ്യക്തമാക്കേണ്ടത് ആവശ്യമാണ്.

ഭായി അബ്ദുൽ റഹ്മാൻ സാഹിബ് ഖാദിയാനി ﷺ പറയുന്നു. പ്രബന്ധത്തിന്റെ അവസാനത്തിൽ Resolution സമർപ്പിക്കുകയും മുഴുവൻ പേരുടേയും പിന്തുണയോടും കൂടി പാസാക്കുകയും ചെയ്തു. ഈ രീതിയിലുള്ള പ്രയോജനകാരിയായ അറിവുകളും, വൈജ്ഞാനിക ചിന്താഗതികളും, ഉന്നതമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയ തിരുമനസ്സിന് നന്ദി പ്രകടിപ്പിക്കേണ്ടതാണ്.

ഒരു പ്രൊഫസർ പാതിരിയും ഈ പ്രഭാഷണത്തേ കുറിച്ച് കേട്ടറിഞ്ഞ് ആദ്യം വീട്ടിൽ വന്നു. പിന്നീട് അവരോടൊപ്പം പ്രഭാഷണം നടക്കുന്ന സ്ഥലത്തേക്കും വന്നു. അവർ ജമാഅത്തിന്റെ ചില പുസ്തകങ്ങളും വാങ്ങി. അവർ പ്രബന്ധത്തിന്റെ സവിശേഷതയിൽ സ്വാധീനനായിക്കൊണ്ട് തന്റെ കസേരയിൽ നിന്ന് വീണ്ടും വീണ്ടും തുള്ളിച്ചാടുന്നതായി കാണാമായിരുന്നു. ഒരുപാട് കാര്യങ്ങൾ കേട്ടു. വീണ്ടും വരുന്നതാണ് എന്ന് വാഗ്ദാനം നൽകി. ഇനി ഞാൻ ഇസ്‌ലാമിന്റെ ഈ അധ്യാപനങ്ങളെ പ്രചരിപ്പിക്കുന്നതാണെന്നും പറഞ്ഞു. ഇസ്‌ലാം മത തത്വജ്ഞാനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ മുൻ നിർത്തി പ്രഭാഷണങ്ങളും, തബ്‌ലീഗും നടത്തുന്നതാണ് എന്നും പറഞ്ഞു.

ഈ അവതരിപ്പിച്ച ഗ്രന്ഥവും, ആദ്യം തയ്യാറാക്കിയ പ്രബന്ധവും ഞാൻ പറഞ്ഞത് പോലെ സുദീർഘമായതിനാൽ അവതരിപ്പിക്കാൻ സാധ്യമല്ലായിരുന്നു. ഈ രണ്ട് പ്രബന്ധങ്ങളും ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അംഗസംഘയും, മിഷൻ ഹൗസിന്റെ എണ്ണങ്ങളും പറഞ്ഞിരിക്കുന്നത് ആ സമയത്തിലേതാണ്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് ഒരുപാട് മുന്നേറിക്കഴിഞ്ഞു. എന്നാൽ ഈ പ്രബന്ധത്തിന്റെ മനോഹാരിതയും, അതിന്റെ വൈജ്ഞാനിക സംമ്പുഷ്ഠിയും അവതരണ ശൈലിയും ഇപ്പോഴും നിലനിൽക്കുന്നു. ആയതിഞാൽ ഇംഗ്ലീഷ് അറിയാവുന്നവർ, നമ്മുടെ യുവാക്കളും ഇത് തീർച്ചയായും വായിക്കേണ്ടതാണ്.

*അല്ലാഹു തഅലാ ഹദ്റത് മുസ്‌ലിഹ് മൗഊദിന്റെ മേൽ കരുണ ചൊരിയുമാറാകട്ടെ.* അദ്ദേഹം തന്റെ എല്ലാ പ്രബന്ധങ്ങളിലും തന്നെ നമുക്ക് വിജ്ഞാനത്തിന്റെ അളവില്ലാത്ത ഭണ്ഡാരങ്ങൾ തുറന്ന് നൽകിയിരിക്കുന്നു. ഇതിനെ കുറിച്ച് ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു. എല്ലാ വിഷയങ്ങളേയും അദ്ദേഹം സ്പർശിച്ചിട്ടുണ്ട്. ഫസ്‌ലെ ഉമർ ഫൗണ്ടേഷനും ഈ വിജ്ഞാന ശേഖരത്തെ വിതൃസ്തങ്ങളായ ഭാഷകളിൽ വളരെ പെട്ടെന്ന് തന്നെ പ്രസിദ്ധീകരിക്കാൻ ശ്രമിക്കേണ്ടതാണ്. ഇവർ ഇപ്പോൾ പരിശ്രമിച്ചിട്ടുണ്ട്. എങ്കിൽ തന്നെയും ഇതിൽ കൂടുതൽ വേഗത ആവശ്യമുണ്ട്.

ഇന്നും ജുമുഅ നമസ്കാരത്തിന് ശേഷം ഒരു ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. ഇത് ഡെന്മാർക്ക് നിവാസി ബഹുമാനപ്പെട്ട കമാൽ അഹ്മദ് ക്രോഗ് സാഹിബിന്റേതാണ്. 1942 ൽ ഡെന്മാർക്കിലെ പട്ടണത്തിൽ ജനിച്ചു. പ്രാരംഭ വിദ്യാഭ്യാസത്തിന് ശേഷം ടിച്ചേഴ്സ് യൂണിവേഴസിറ്റിയിൽ നിന്ന് ഗ്രാജ്വേഷൻ ചെയ്തതിന് ശേഷം 2003 വരെ അദ്ദേഹം ചരിത്രം, മതം, എന്നീ വിഷയങ്ങൾ പഠിപ്പിച്ചു കൊണ്ടിരുന്നു. അദ്ദേഹം യൂണിവേഴ്സിറ്റി വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിക്കാനുള്ള തൗഫീഖ് ലഭിച്ചു. അബ്ദുസ്സലാം മാസ്സെൻ സാഹിബിന്റെ വിദ്യാർത്ഥിയും ആയിരുന്നു. അദ്ദേഹം മുഖേനയാണ് ജമാഅത്തിന്റെ സന്ദേശം ലഭിച്ചത് 1960 ന്റെ പ്രരംഭഘട്ടത്തിൽ മീർ മഹ്മൂദ് അഹ്മദ് സാഹിബ് മർഹൂം അവിടെ മുബല്ലിഗ് സിൽസില ആയിരുന്ന സമയത്ത് ഇദ്ദേഹത്തിന് അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. പിന്നീട് മരണം വരെയും ജമാഅത്തിനോടും ഖിലാഫത്തിനോടും, കാലത്തിന്റെ ഖലീഫയോടും വളരെയധികം വിശ്വസ്ഥതയും സ്നേഹവും വച്ച് പുലർത്തിയിരുന്നു. ഒരു മമത തന്നെയുണ്ടായിരുന്നു. എന്നോട് കൂടിക്കാഴ്ച്ച നടത്തിയപ്പോഴും ഈ ആത്മാർത്ഥതയും സ്നേഹവും വ്യക്തമായിരുന്നു. ഞാൻ ഡെന്മാർക്ക് സന്ദർശിച്ച വേളയിൽ അദ്ദേഹം രോഗിയായിരുന്നിട്ട് കൂടി കൃത്യമായി കാണാൻ വരുമായിരുന്നു. വിതൃസ്തങ്ങളായ പല ജമാഅത്ത് പദവികളും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നാഷണൽ ഖാഇദ് ആയിരുന്നു. നാഷണൽ തബ്‌ലീഗ് സെക്രട്ടറിയുടെ ഉത്തരവാദിത്വം വർഷങ്ങളോളം തികഞ്ഞ കഠിനാധ്വാനത്തോടും ആത്മാർത്ഥതയോടും കൂടി നിർവ്വഹിച്ചു കൊണ്ടിരുന്നു. തബ്‌ലീഗിന് ഭ്രാന്തമായ ഒരു ആവേശമുണ്ടായിരുന്നു. എല്ലാ അവസരങ്ങളിലും ഡെന്മാർക്ക് ജനതയ്ക്ക് ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും സന്ദേശം എത്തിക്കാൻ പരിശ്രമിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ജമാഅത്ത് ജോലികളും കഴിഞ്ഞ് രാത്രി വൈകിയാണ് വീട്ടിൽ വരുന്നത് എങ്കിൽ തന്നേയും അടുത്ത ദിവസത്തെ പരിപാടികൾ ആസൂത്രണം ചെയ്യാനായി ഇരിക്കും. അർധരാത്രി വരെ ജോലിയെടുത്ത് അമീർ സാഹിബിന് അതിനെ കുറിച്ചുള്ള റിപ്പോർട്ട് നൽകുമായിരുന്നു. അതിന് ശേഷം മാത്രമേ ഉറങ്ങാറുള്ളായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തു വലയം വളരെ വിശാലമായിരുന്നു. ഡാനിഷ് ആളുകളുമായി വളരെ നല്ല ബന്ധം ഉണ്ടായിരുന്നു. ഡെന്മാർക്കിലെ അമീർ സാഹിബ് എഴുതുന്നു. 1988,89 കാലയാളവിൽ അദ്ദേഹം ഇവിടെ മുബല്ലിഗ് ഇൻചാർജ് ആയിരുന്നപ്പോൾ വളരെ അനുസരണയോടു കൂടി ജമാഅത്ത് പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും തബ്‌ലീഗ് വിഭാഗത്തിൽ രാപകൽ എന്നെ സഹായിക്കുമായിരുന്നു. ആ സമയത്ത് ഡെന്മാർക്കിലെ പ്രധാന മന്ത്രിയുമായുള്ള ഒരു കൂടിക്കാഴ്ച്ചയിൽ, ഡാനിഷ് ഭാഷയിലെ ഖുർആൻ ഉപഹാരമായി നൽകിയ സംഘത്തിൽ കമാൽ ക്രോസ് സാഹിബും അംഗമായിരുന്നു. ഈ കൂടിക്കാഴ്ച്ചക്കുള്ള അവസരവും അദ്ദേഹം തന്നെയാണ് ഉണ്ടാക്കിയത്. അത് കൂടാതെ യുവാക്കൾക്കും, കുട്ടികൾക്കും തഅ്ലീം തർബിയ്യത്തിനായി അദ്ദേഹം മസ്ജിദ് നുസ്റത്തിൽ എല്ലാ വെള്ളിയാഴ്ച്ചയും വൈകിട്ട് ഒരു പ്രോഗ്രാം നടത്തിയിരുന്നു.

കുട്ടികളുടെ ചോദ്യത്തിനുള്ള മറുപടിയും അവരുടെ പ്രശ്ന പരിഹാരമാർഗങ്ങളെ സംബന്ധിച്ചും ചർചകൾ നടത്തുമായിരുന്നു. പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ജമാഅത്ത് ഗ്രന്ഥങ്ങളുടെ പരിഭാഷയും അദ്ദേഹം നിർവഹിച്ചിട്ടുണ്ട്. അതു പോലെ ഇസ്‌ലാം മത തത്വജ്ഞാനത്തിന്റെ ഡാനിഷ് ഭാഷാന്തരത്തിന്റെ പുനർ അവലോകനവും അദ്ദേഹം തന്നെയാണ് നടത്തിയത്. ജമാഅത്ത് അഹ്മദിയ്യാ ഡന്മാർക്കിന്റെ ത്രൈമാസിക **ആക്റ്റീവ് ഇസ്‌ലാമി**ന്റെ മേൽ നോട്ടവും പല വർഷങ്ങളായി ഭംഗിയായി ചെയ്തുപോന്നു. അത്പോലെ 1970,80 കാലത്തിലെ പ്രക്ഷോഭ കാലത്ത് മുസ്‌ലിം രാജ്യങ്ങളിൽ നിന്നും വരുന്ന അഭയാർഥികൾക്കും ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചു കൊണ്ടിരുന്നു. 2004 ൽ അദ്ദേഹത്തിന് പക്ഷാഘാതം ബാധിച്ചു. അതിന് ശേഷം അദ്ദേഹം പരാശ്രയനായി ജീവിച്ചെങ്കിലും, ജുമുഅയിലും മറ്റ് ജമാഅത്ത് പരിപാടികളിലും പങ്കെടുത്തിരുന്നു. അത് കൂടാതെ അമീർ സാഹിബ് ഇദ്ദേഹത്തിനെ കാണാൻ പോകുമ്പോഴെല്ലാം ഓരോ കൂടിക്കാഴ്ചയിലും ജമാഅത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് തിരക്കുമായിരുന്നു. അവിടെ പുതിയതായി പണി കഴിപ്പിക്കാനുള്ള മിഷൻഹൗസിനെ കുറിച്ചും, വീണ്ടും വീണ്ടും എന്നെ കുറിച്ചും ചോദിക്കുമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ വിശേഷമെന്താണ് എന്നും മറ്റും വികാരഭരിതനായിക്കൊണ്ട് ചോദിക്കുമായിരുന്നു. 18 ഫെബ്രവരി 2014 ന് അദ്ദേഹത്തിന്റെ അസുഖം വർദ്ധിച്ചു ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. 19ാം തിയതി രാവിലെ 5:30 ന് 71 ാം വയസ്സിൽ ഇദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ അദ്ദേഹം തന്റെ പിന്നിൽ വിധവയായ ഭാര്യയേയും ഒരു മകനേയും മകളേയും കൂടാതെ 5 പേരകുട്ടികളേയും വിട്ട് പോയി. ഇദ്ദേഹത്തിന്റെ ഭാര്യയും വളരെ ആത്മാർഥതയോട് കൂടി ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുത്തുവരുന്നു. കൂടാതെ പരിഭാഷയുടെ ജോലിയും ചെയ്യുന്നു. വളരെയധികം സഹായിയാണ്.

അന്യരിലും ഇദ്ദേഹം വളരെ പ്രശസ്തനായിരുന്നു. ഡാനിഷ് Electronic Media യിലെ പല വ്യക്തികളും ഇദ്ദേഹത്തെ കുറിച്ച് പറയുന്നു. ക്രോഗ് സാഹിബ് എന്ന മഹാനായ ഒരു വ്യക്തി, ഇന്ന് അദ്ദേഹം നമുക്കിടയിൽ ഇല്ല. പറയുന്നു; "കമാൽ സാഹിബിനെ എപ്പോഴും ആദരവോടു കൂടിയാണ് കണ്ടിരുന്നത്. ഞങ്ങളെ പോലുള്ള ഒരു പാട് വിദ്യാർഥികളുടെ ഹൃദയത്തിൽ അദ്ദേഹത്തിന് ആദരവുണ്ട്. അദ്ദേഹം വളരെ ആദരണീയനും മഹത്‌വ്യക്തിത്വത്തിന് ഉടമയുമാണ്. ആ വ്യക്തിത്വത്തെ ക്ലാസിൽ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നു. ഞാൻ സ്വയം കമാൽ സാഹിബിനെ പോലെ വിദ്യാഭ്യാസ വിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. മുഴുവൻ വിദ്യാഭ്യാസ കാലയളവിലും കമാൽ എനിക്ക് മാതൃകയായിരുന്നു. അദ്ദേഹത്തിന് വൈജ്ഞാനികമായ വിഷയങ്ങളിൽ നല്ല മികവ് ഉണ്ടായിരുന്നു. എല്ലാ മനുഷ്യരും ജീവിക്കുന്നു, ചിലർ നേടുന്നതിനുള്ള മാർഗം കണ്ടെത്തുന്നു. എന്നാൽ, അപൂർവം ചിലർ മാത്രമേ മനുഷ്യ ജീവിതത്തിന്റെ യഥാർഥത്തെ മനസ്സിലാക്കുന്നുള്ളൂ."

മറ്റൊരു സ്ത്രീ പറയുന്നു. "കമാൽ ക്രോഗ് സാഹിബ് മനുഷ്യൻ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു ഉസ്താദ് ആയിരുന്നു." മറ്റൊരു വ്യക്തി പറയുന്നു; "എന്നെ ഒരുപാട് സ്വാധീനിച്ച ഒരു ടീച്ചറാണ് അദ്ദേഹം. ഒരു നല്ല ഭയഭക്തിയുള്ള മനുഷ്യനാണ് അദ്ദേഹം." മറ്റൊരാൾ പറയുന്നു; "കോളേജിലെ എന്റെ ചില വിദ്യാർത്ഥികളും സ്കൂൾ വിദ്യാഭ്യാസ കാലത്ത് ക്രോഗ് സാഹിബിന്റെ വിദ്യാർത്ഥികൾ ആയിരുന്നവർക്ക് അവർ എപ്പൊഴും കമാൽ സാഹിബിനെ ആദരപൂർവം സമരിച്ചിരുന്നു. മത വിഷയങ്ങളിൽ കമാൽ സാഹിബിന്റെ വിദ്യാർഥികൾ ആയിരുന്നവർ മറ്റ് വിദ്യാർഥികളേക്കാൾ ഒരുപാട് മുൻപന്തിയിൽ ആയിരുന്നു."

എന്തായാലും ഇത്പോലെ ഒരു പാട് വിശദീകരണങ്ങളുണ്ട്. ഞാൻ ഡെന്മാർക്കിന്റെ മണ്ണിൽ അദ്ദേഹത്തിന്റെ ജോലി തുടർന്ന് കൊണ്ട് പോകുന്നതിന് ആരെങ്കിലു ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. അദ്ദേഹം ഡാനിഷ് പൊതു ജനങ്ങൾക്കും പുറത്ത് നിന്ന് വരുന്ന മുസ്‌ലിംകൾക്കുമിടയിൽ ഒരു മധ്യവർത്തിയായി പ്രവർത്തിച്ചു. അവർക്കിടയിൽ ചർചകൾക്കുള്ള മാധ്യമം ഒരുക്കി. നമ്മുടെ സമൂഹത്തിലെ പല വ്യക്തികളും ഇതിൽ നിന്ന് വിത്യസ്തരായി എരിതീയിൽ എണ്ണ ഒഴിക്കുന്ന ജോലിയാണ് ചെയ്യുന്നത് എന്ന് വ്യസന സമേതം പറയുകയാണ്.

*അല്ലാഹു മർഹൂമിന്റെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭര്യാമക്കൾക്ക് ക്ഷമയും, ധൈര്യവും പ്രദാനം ചെയ്യട്ടെ. അവരെ ജമാഅത്തുമായി എപ്പോഴും ബന്ധപ്പെടുത്തി നിർത്തുകയും ചെയ്യട്ടെ.* ഞാൻ പറഞ്ഞത് പോലെ നമസ്കാരത്തിന് ശേഷം അദ്ദേഹത്തിന്റെ ജനാസ ഗാഇബ് ഉണ്ടായിരിക്കുന്നതാണ്.

## PRINTED BOOKS

To

If Undelivered Please Return To
**AHMADIYYA MUSLIM JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 February 28 at : Baitul Futuh Mosque, London.
Translation: T. Ameeruddin Sajid Muvattupuzha 08281236595

Typing: A.T. Nasarudheen Calicut
Printed at: Digital Image Darussalam Complex Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**